DESPATCHED
On.01/10/22.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 951(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 6565/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ '28**

ശ്രീ. എൻ.വി.രഘുരാജ്,
അനർഘ, നൂഞ്ഞിയിൽ മീത്തൽ,
പി.ഒ. ചേവായൂർ,
കോഴിക്കോട് – 673 017. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കസബ വില്ലേജ് ഓഫീസ്,
പി.ഒ. പുതിയറ,
കോഴിക്കോട് – 673 004.

2) അപ്പീൽ അധികാരി &
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, സിവിൽ സ്റ്റേഷൻ,
കോഴിക്കോട് – 673 020. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | . |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 04/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/04/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/05/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/06/2022 |
| ഹിയറിംഗ് നടന്ന തീയതി | 27/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എൻ.വി. രഘുരാജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നിശ്ചിത സമയം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ നിരസിച്ചു ഉത്തരവായതിനാലാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ ടിയാൻ

വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.01.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഹർജിക്കാരന്റെ ഭാര്യ ഷൈനി പി. എന്നവരുടെ പിതൃസ്വത്തിൽ അധിക വിസ്തീർണ്ണമുള്ള ഭൂമിക്ക് കസബ വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാത്തത് സംബന്ധിച്ച് തഹസിൽദാർക്ക് നൽകിയ പരാതി അന്വേഷണ റിപ്പോർട്ടിനായി അയച്ചിരുന്നതും ആയതുപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്:

i. ടി ഓഫീസിൽ നിന്നും തഹസിൽദാർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ അധികമുള്ള ഭൂമി താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി അധികം ഉണ്ടോയെന്ന് കണ്ടുപിടിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇങ്ങനെ ശുപാർശ ചെയ്തതിന് അടിസ്ഥാനമാക്കിയ നിയമം ഏതാണെന്നും ആ നിയമത്തിന്റെ പ്രസക്തമായ വകുപ്പ് ഉൾക്കൊള്ളുന്ന പേജിന്റെ പകർപ്പ് നൽകണമെന്നും

ii. ടി വില്ലേജ് ഓഫീസിൽ ജോലി ചെയ്യാൻ തുടങ്ങിയത് മുതൽ ഇത്തരം കേസുകളിൽ ഈ നടപടി തന്നെയാണോ പിന്തുടരുന്നത് എന്നും അത്തരം കേസുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ സൂക്ഷിച്ചുവരുന്നുണ്ടോ എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് വിവരങ്ങളും രേഖകളും ലഭിക്കാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 04.03.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ ഹർജിയും എസ്.പി.ഐ.ഒ. നൽകിയ മറുപടിയും ഫയലും പരിശോധിച്ചതിൽ കക്ഷി വിവരാവകാശനിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ അപേക്ഷകന്റെ ഭാര്യ ഷൈനി പി. അനർഘ എന്നവർ അവരുടെ പിതൃ സ്വത്തിൽ അധിക വിസ്തീർണ്ണമുള്ള ഭൂമിയ്ക്ക് കസബ വില്ലേജ് ഓഫീസർ നികുതി സ്വീകരിക്കാത്തത് സംബന്ധിച്ചും ആയതിൽ തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചതുമായി ബന്ധപ്പെട്ടതുമായ 4 ചോദ്യങ്ങൾ അടങ്ങുന്ന അപേക്ഷ ആയിരുന്നു എന്നും പ്രസ്തുത അപേക്ഷയ്ക്ക് 28.1.2022 തീയതിയിൽ വില്ലേജ് ഓഫീസിൽ ലഭ്യമായതിന് 18.2.2022 തീയതി എസ്.പി.ഐ.ഒ. മറുപടി നൽകിയതായി കാണുന്നു എന്നുമാണ്. വിവരാവകാശ നിയമ പ്രകാരം ഒരു പൊതു അധികാരിയുടെ

കൈവശത്തിലും നിയന്ത്രണത്തിനു കീഴിലുമുള്ള വിവരങ്ങൾ, രേഖകൾ, പ്രമാണങ്ങൾ, രജിസ്റ്ററുകൾ ഫയലുകൾ തുടങ്ങിയവ നേരിൽ പരിശോധിക്കുന്നതിനും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭിക്കുന്നതിനുമുള്ള അവകാശം അപേക്ഷകന് നൽകിയിട്ടുണ്ട്. എന്നാൽ കാരണം, വ്യാഖ്യാനം, വിശദീകരണം ഇവ നൽകൽ വിവരാവകാശത്തിന്റെ പരിധിയിൽ വരില്ല എന്നിരിക്കെ ഹർജിക്കാരൻ സമർപ്പിച്ച 4 ചോദ്യങ്ങൾക്ക് ഒന്നാം എതിർകക്ഷിയായ വില്ലേജ് ഓഫീസർ നൽകിയ മറുപടി ചോദ്യം ചെയ്തുകൊണ്ടുള്ള അപേക്ഷയായതിനാൽ എസ്.പി.ഐ.ഒ.യുടെ നടപടി ശരിവെച്ചുകൊണ്ട് അപ്പീൽ നിരസിച്ചു ഉത്തരവായിവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 31.05.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രഘുരാജ് എന്നവരുടെ ഭാര്യ ഷൈനി പി.അനർഘ എന്നവർ കസബാ വില്ലേജിൽ റ്റി.എസ്.5–21–987/7, 8, 9, 10, 11 സർവ്വെ നമ്പറുകളിലായി 49 സെന്റിനാണ് നികുതി അടച്ചു വന്നിരുന്നതെന്നും ഒരു പ്രൈവറ്റ് സർവ്വെയറുടെ സഹായത്തോടെ തയ്യാറാക്കിയ സ്കെച്ച് പ്രകാരം 2 സെന്റ് കൂടുതൽ ഭാര്യയുടെ കൈവശത്തിലുണ്ടെന്നും ആയതിന് നികുതി അടച്ചു തരണമെന്നും അപേക്ഷകൻ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ റ്റി.ആർ. സെക്ഷൻ (28) പ്രകാരം ചുറ്റുമുള്ള കൈവശക്കാർക്ക് നോട്ടീസ് നൽകി അവർക്ക് എതിർപ്പില്ലാത്തപക്ഷം ഭൂമി അളന്ന് തിട്ടപ്പെടുത്തുവാൻ സർവ്വെയർക്ക് നിർദ്ദേശം നൽകുവാനും തുടർനടപടികൾക്കും നിർദ്ദേശത്തിനുമായി അപേക്ഷ കോഴിക്കോട് തഹസിൽദാർക്ക് അയയ്ക്കുകയുണ്ടായി എന്നും ആയതു മുതൽ അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം തുടരെ തുടരെ അപേക്ഷകൾ അയക്കുകയുണ്ടായി. ഒന്നാം എതിർകക്ഷി ഏതു വകുപ്പ് പ്രകാരമാണ് തഹസിൽദാർക്ക് അയച്ചത്, ഇതുപോലുള്ള കേസുകളിൽ തഹസിൽദാർക്ക് കത്ത് റിപ്പോർട്ടിനായി അയയ്ക്കാറുണ്ടോ തുടങ്ങിയ ചോദ്യങ്ങളായിരുന്നു അപേക്ഷകൻ നൽകിയത്. ഇത്തരം സ്പഷ്ടീകരണം/ചോദ്യരൂപത്തിലുള്ളവയൊന്നും വിവരാവകാശ നിയമം 2005–ന്റെ പരിധിയിൽ വരുന്നതായിരുന്നില്ല. ഹർജിക്കാരന്റെ അപേക്ഷയിലുള്ളത് ചോദ്യങ്ങൾ എന്നതിനാലാണ് മറുപടി നൽകുവാൻ നിർവ്വാഹമില്ലെന്ന് അപേക്ഷകനെ അറിയിച്ചതെന്ന് ബോധിപ്പിക്കുന്നു. കൂടാതെ ടിയാന്റെ മേലുദ്യോഗസ്ഥനായ തഹസിൽദാറോട് ഒരു ഫയൽ സംബന്ധിച്ച് സ്പഷ്ടീകരണത്തിന് കത്തയക്കുന്നതിന് ഒരു നിയമവകുപ്പിന്റെയും സഹായം ആവശ്യമില്ലെന്ന് റിട്ട. ഡെപ്യൂട്ടി കളക്ടർ കൂടിയായ അപേക്ഷകന് അറിവുള്ള കാര്യമാണെന്നും ബോധിപ്പിക്കുന്നു. അപേക്ഷകനുള്ള മറുപടി യഥാസമയം നൽകിയിട്ടുണ്ടെന്നും യാതൊരു വീഴ്ചയും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിലും ഹർജിക്കാരനേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിൽ നിന്നും ഹർജിക്കാരൻ വിരമിച്ച ഡപ്യൂട്ടി കളക്ടറാണെന്നും ടിയാൻ ഉന്നയിച്ച വിഷയങ്ങളിൽ വ്യക്തമായ അറിവുള്ള ആളാണെന്നും കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒന്നാം എതിർകക്ഷി നിയമാനുസൃതം ചെയ്ത നടപടിക്രമങ്ങളിൻമേലാണ് ഹർജിക്കാരൻ ആരോപണം ഉന്നയിച്ചിരിക്കുന്നത് എന്ന് കാണുന്നതിനാൽ ആയത് മുഖവിലയ്ക്ക് എടുക്കേണ്ടതില്ലെന്ന് കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. ഒന്നാം എതിർകക്ഷി ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി കമ്മീഷനു മുമ്പാകെ വിശദീകരിക്കുകയും, ഹർജിക്കാരൻ നിരവധി വിവരാവകാശ അപേക്ഷകൾ തുടരെ തുടരെ അയയ്ക്കാറുണ്ടെന്ന് പരാതിപ്പെടുകയുണ്ടായി. ഹർജിക്കാരൻ സമർപ്പിക്കുന്ന അപേക്ഷകളിൽ സംശയദുരീകരണത്തിനായി ചോദിക്കുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ ആക്ട് പ്രകാരം വിശദീകരണം നൽകേണ്ടതില്ലെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM